# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2054 — 26.03.2013 ൽ മറുപടിക്ക്

**റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാനം സമർപ്പിച്ചിരുന്ന നിർദ്ദേശങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി) | |
| (എ) | 2013-14 വർഷത്തെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്താൻ സംസ്ഥാനം സമർപ്പിച്ചിരുന്ന, നിർദ്ദേശങ്ങൾ വിശദമാക്കുമോ; | (എ) | സംസ്ഥാനം സമർപ്പിച്ച നിർദ്ദേശങ്ങളുടെ വിവരം അനുബന്ധമായി വച്ചിരിക്കുന്നു. |
| (ബി) | പ്രസ്തുത നിർദ്ദേശങ്ങൾ ഏതെല്ലാം റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തി തുക അനുവദിച്ചെന്ന് വിശദമാക്കാമോ; | (ബി) | 2013-14 ൽ വിവിധ പണികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നു.<br>i. പുതിയ ലൈനുകൾ - 12 കോടി രൂപ<br>ii. ഗേജ് മാറ്റം - 20 കോടി രൂപ<br>iii. പാത ഇരട്ടിപ്പിക്കൽ - 82.5 കോടി രൂപ<br>iv. ROB/RUB - 20.58 കോടി രൂപ |
| (സി) | റെയിൽവെ ബഡ്ജറ്റിനു മുമ്പായി സംസ്ഥാനത്തെ ലോകസഭാ രാജ്യസഭാംഗങ്ങളുടെ യോഗം വിളിച്ചിരുന്നോ; പ്രസ്തുത യോഗത്തിലെ ചർച്ചയുടെ അടിസ്ഥാനത്തിൽ ഏതെല്ലാം നിർദ്ദേശങ്ങളാണ് കേന്ദ്ര റെയിൽവേക്ക് മുന്നിൽ സമർപ്പിച്ചതെന്ന് വിശദമാക്കാമോ; | (സി) | കേന്ദ്ര റയിൽ ബഡ്ജറ്റിനു മുന്നോടിയായി കേന്ദ്ര മന്ത്രിമാരുടേയും എം.പി. മാരുടേയും പ്രത്യേകയോഗം നടന്നിട്ടില്ല. എന്നാൽ 2013-14 സാമ്പത്തിക വർഷത്തെ റെയിൽവേ ബഡ്ജറ്റിനുമുമ്പ് കേരളത്തിലെ റെയിൽവേ ആവശ്യങ്ങൾ സംബന്ധിച്ച് 30.07.2012 ലും 15.11.2012 ലും നടന്ന എം.പി. മാരുടെ യോഗങ്ങളിൽ വിശദമായ ചർച്ച നടത്തുകയും, തുടർന്ന് സംസ്ഥാനത്തു നിന്നുള്ള കേന്ദ്രമന്ത്രിമാർ, കേരളത്തിലെ ലോക്സഭ, രാജ്യസഭ എം.പി.മാർ തുടങ്ങിയവരിൽ നിന്നും റെയിൽവേ വികസനം സംബന്ധിച്ച അഭിപ്രായം ക്ഷണിച്ചുകൊണ്ട് 27.10.2012 ൽ ഊർജ്ജ ഗതാഗത വകുപ്പുമന്ത്രി കത്തയക്കുകയുണ്ടായി. ഇപ്രകാരം അവരിൽ നിന്നും ലഭിച്ച അഭിപ്രായങ്ങൾ സമാഹരിച്ചാണ് 28.11.2012 ൽ കേന്ദ്ര റെയിൽവേ മന്ത്രിക്ക് വിശദമായ നിവേദനം അയച്ചത്. |
| (ഡി) | പ്രസ്തുത നിർദ്ദേശങ്ങളിൽ ഏതിനൊക്കെ റെയിൽവെ ബഡ്ജറ്റിൽ മതിയായ തുക നീക്കിവച്ചെന്ന് വിശദീകരിക്കാമോ? | (ഡി) | 2013-14 ൽ വിവധ പണികൾക്കായി കേന്ദ്ര സർക്കാർ അനുവദിച്ചിരിക്കുന്ന തുകകൾ താഴെപ്പറയുന്നു.<br>i. പുതിയ ലൈനുകൾ - 12 കോടി രൂപ<br>ii. ഗേജ് മാറ്റം - 20 കോടി രൂപ<br>iii. പാത ഇരട്ടിപ്പിക്കൽ - 82.5 കോടി രൂപ<br>iv. ROB/RUB - 20.58 കോടി രൂപ |

സെക്ഷൻ ഓഫീസർ

9

**അനുബന്ധം I**

2013-14 ലെ റയിൽവേ ബഡ്ജറ്റിൽ 2004-2005 മുതലുള്ള റയിൽവേ ബഡ്ജറ്റ് പ്രസംഗത്തിൽ കേരളത്തിലെ റയിൽവേ വികസനവുമായി ബന്ധപ്പെട്ട പ്രഖ്യാപനങ്ങൾ നടപ്പിലാക്കാനാവശ്യമായ വകയിരുത്തലുകൾക്കൊപ്പം, 2013-14 ൽ മുൻഗണനാക്രമത്തിൽ നടപ്പിലാക്കേണ്ട പദ്ധതികൾക്കും പണികൾക്കും കേരളത്തിൽ നിന്നുമുള്ള ബഹു. കേന്ദ്രമന്ത്രിമാർ, എം.പിമാർ എന്നിവരുടെ അഭിപ്രായാനുസരണം 2013-14 ൽ നടപ്പിലാക്കേണ്ട മറ്റ് പ്രധാന ആവശ്യങ്ങൾക്കും ഉള്ള വകയിരുത്തലുകളും വേണമെന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

ഇതുവരെ പ്രഖ്യാപിക്കപ്പെട്ടവയിൽ പ്രധാനമായും പാലക്കാട് കോച്ച് ഫാക്ടറി, ആട്ടോകാസ്റ്റ്, സിൽക്ക് എന്നിവയുമായി ചേർത്തലയിൽ റയിൽവേയുടെ കൂട്ടു സംരംഭം, ആലപ്പുഴയിലെ വാഗൺ ഫാക്ടറി, പെനിൻസുലാർ റയിൽവേ സോൺ, തിരുവനന്തപുരത്ത് മെഡിക്കൽ കോളേജും ഒ.പി.ഡി & ഡയഗ്നോസ്റ്റിക് സെന്ററും, മെമു, പാത ഇരട്ടിപ്പിക്കൽ, പാത വൈദ്യുതീകരണം, പാതയുടെ ഗേജ് മാറ്റം, അങ്കമാലി ശബരി പുതിയ റയിൽവേ ലൈനിന്റെ നിർമ്മാണം, മറ്റ് പുതിയ ലൈനുകളുടെ സർവ്വേ/ നിർമ്മാണം, നേമത്തും, കോട്ടയത്തും കോച്ചിംഗ് ഡിപ്പോകൾ, റയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം, ആട്ടോമാറ്റിക് സിഗ്നലിംഗ് സംവിധാനം, ആട്ടോമാറ്റിക് ബ്ലോക് സിഗ്നൽ, തിരുവനന്തപുരം, എറണാകുളം കോഴിക്കോട് റയിൽവേ സ്റ്റേഷനുകൾ ലോകനിലവാരത്തിലേക്കുയർത്തുന്നത്, എറണാകുളം, പാലക്കാട്, കാസറഗോഡ്, മാവേലിക്കര തിരുവനന്തപുരം എന്നിവിടങ്ങളിൽ മൾട്ടി ഫംക്ഷണൽ കോംപ്ലക്സുകൾ, റയിൽ യാത്രി സേവക് സംവിധാനം, ആദർശ് സ്റ്റേഷനുകൾ, പാലക്കാട് കോൺക്രീറ്റ് സ്ലീപ്പർ പ്ലാന്റ്, തിരുവനന്തപുരത്ത് ബോട്ടിലിംഗ് പ്ലാന്റ്, ഹൈസ്പീഡ് റയിൽ കോറിഡോർ, പുതിയ ട്രെയിനുകൾ, പി.ആർ.എസും ടിക്കറ്റ് കൗണ്ടറുകളും, യാത്രക്കാർക്കുള്ള സൗകര്യങ്ങൾ, യാത്രക്കാരുടെ സുരക്ഷ, ആളില്ലാ ലവൽ ക്രോസിംഗുകളിൽ ആളെ നിയമിക്കുന്നത് തുടങ്ങിയവയും, കൂടാതെ കോട്ടയം റയിൽവേ സ്റ്റേഷനിലെ ഗുഡ്സ്യാർഡ് ഏറ്റുമാനൂരേക്ക് മാറ്റുന്നതും, നെടുമ്പാശ്ശേരി, കണ്ണൂർ, കണ്ണൂർ സൗത്ത്, ചിറക്കൽ, വളപട്ടണം ധർമ്മടം, പാപ്പിനിശ്ശേരി, ഇടക്കാട്, ഷൊർണ്ണൂർ, കാസറഗോഡ്, കാഞ്ഞങ്ങാട്, ചെറുവത്തൂർ, നീലേശ്വരം, കോട്ടിക്കുളം, പയങ്ങാടി, കണ്ണപുരം, മഞ്ചേശ്വരം, പയ്യന്നൂർ, ബേക്കൽ ഫോർട്ട്, തൃക്കരിപ്പൂർ, ഏഴിമല, വടക്കാഞ്ചേരി, മുളംകുന്നത്ത്കാവ്, വില്ലിംഗ്ഡൺ ഐലന്റ്, കുമ്പളം, മുളന്തുരുത്തി, കാഞ്ഞിരമറ്റം, പിറവം, വൈയ്ക്കം, കുറുപ്പന്തറ, ഏറ്റുമാനൂർ, ചിങ്ങവനം,കോട്ടയം, പത്തനാപുരം, ചാലക്കുടി, കൊരട്ടിഅങ്ങാടി, നേമം എന്നീ റയിൽവേ സ്റ്റേഷനുകളിൽ ആവശ്യത്തിന് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, പുതിയ ട്രെയിനുകൾ, നിലവിലുള്ളവയുടെ ദീർഘിപ്പിക്കൽ, ആവർത്തനം വർദ്ധിപ്പിക്കൽ, സ്റ്റോപ്പുകൾ, അധിക കോച്ചുകൾ, ഡൽഹി മുംബൈ കേരള ഹൗസുകളിൽ പി.ആർ.എസ്. സംവിധാനം, ഡൽഹി, മുംബൈ തുടങ്ങിയ നഗരങ്ങളിലേക്ക് പുതിയ ട്രെയിനുകൾ നിലവിലുള്ള ട്രെയിനുകളുടെ ആവർത്തനം വർദ്ധിപ്പിക്കൽ, വടക്കാഞ്ചേരി റയിൽവേ സ്റ്റേഷനിൽ കൃഷിക്കാർക്കായി പാഴ്സൽ ബുക്കിംഗ് തുടങ്ങിയവയാണ് നിവേദനത്തിലുന്നയിച്ചിരിക്കുന്ന പ്രധാന ആവശ്യങ്ങൾ.

സെക്ഷൻ ഓഫീസർ